# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.710** **08.03.2012-ൽ** മറുപടിയ്ക്ക്

## ദന്തൽ കോളേജ് അദ്ധ്യാപകരുടെ പ്രമോഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ഗവൺമെന്റ് ദന്തൽ കോളേജ് ആദ്ധ്യാപകരുടെ പ്രമോഷന് ബിരുദാനന്തരബിരുദം (എം.ഡി.എസ്) നേടുന്നതിനു മുമ്പുള്ള പ്രവൃത്തി പരിചയം പരിഗണിക്കാറുണ്ടോ; | (എ) ഗവൺമെന്റ് ദന്തൽ കോളേജ് ആദ്ധ്യാപകരുടെ പ്രൊമോഷൻ നിലവിലുള്ള പേ റിവിഷൻ ഓർഡറിലെ വ്യവസ്ഥകൾ അനുസരിച്ചാണ് നടത്തുന്നത്. ഇതിൻപ്രകാരം ഒരു ഡോക്ടർ അസിസ്റ്റന്റ് പ്രൊഫസർ ആകുന്നതിന് ബിരുദാനന്തര ബിരുദത്തിനു മുമ്പുള്ള പ്രവൃത്തി പരിചയം ആവശ്യമില്ല. അസിസ്റ്റന്റ് പ്രൊഫസറുടെ പ്രൊമോഷന്റെ അടിസ്ഥാനത്തിലാണ് അസോസിയേറ്റ് പ്രൊഫസറുടെയും, പ്രൊഫസറുടെയും പ്രൊമോഷൻ നടക്കുന്നത്. |
| (ബി) ബിരുദാനന്തരബിരുദം നേടുന്നതിനുമുമ്പുള്ള പ്രവൃത്തി പരിചയം പരിഗണിക്കുന്നതിന് ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ റെഗുലേഷൻ അനുവദിക്കുന്നുണ്ടോ; | (ബി) ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ റെഗുലേഷൻ ആനുസരിച്ച് അസിസ്റ്റന്റ് പ്രൊഫസർ ആകാൻ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം നേടിയതിനുശേഷമുള്ള 3 വർഷത്തെ സർവ്വീസ് ആവശ്യമാണ്. |
| (സി) ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയിൽ നിന്ന് വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (സി) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് ബിരുദാനന്തര ബിരുദത്തിനുശേഷമുള്ള 3 വർഷത്തെ സർവ്വീസ് ആവശ്യമാണ് എന്നു നിഷ്കർഷിച്ചുകൊണ്ട് കേരള ഹൈക്കോടതിയിൽ നിന്ന് വിധി ഉണ്ടായിട്ടുണ്ട്.<br>ജി. ഒ. (പി) നം.272/2005/ആകുവ തീയതി 27.06.2005 എന്ന ഉത്തരവ് പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ ആകുന്നതിന് ബിരുദാനന്തര ബിരുദ സേവനം 3 വർഷത്തെ ബിരുദാനന്തര ബിരുദ സേവനം ആവശ്യമാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. |

| | |
|---|---|
| | കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 10 ലെ വ്യവസ്ഥകൾ ദന്തൽ കോളേജ് അദ്ധ്യാപകർക്കുൾപ്പെടെ എല്ലാ അദ്ധ്യാപകർക്കും ബാധകമാണ്. നിലവിലുള്ള പേറിവിഷൻ ഉത്തരവിൽ ഈ വ്യവസ്ഥ ഇളവ് വരുത്തിയിരിക്കുന്നു. |
| (ഡി) കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ റൂൾ 10 ദന്തൽ കോളേജ് ആദ്ധ്യാപകരുടെ പ്രമോഷന് ബാധകമാണോ; അത് പാലിക്കാറുണ്ടോ; | (ഡി) കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ റൂൾ 10 ലെ വ്യവസ്ഥകൾ ദന്തൽ കോളേജ് ആദ്ധ്യാപകരുടെ പ്രമോഷന് ബാധകമാണ്. എന്നാൽ നിലവിലുള്ള പേറിവിഷൻ ഉത്തരവിൽ ഈ വ്യവസ്ഥയിൽ ഇളവ് വരുത്തിയിരിക്കുന്നു. |
| (ഇ) തിരുവനന്തപുരം ഗവൺമെന്റ് ദന്തൽ കോളേജിൽ ബിരുദാനന്തരബിരുദം നേടും മുമ്പുള്ള പ്രവൃത്തി പരിചയം പരിഗണിച്ച് ആർക്കെങ്കിലും മുൻ സർക്കാരിന്റെ കാലത്ത് പ്രമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ; | (ഇ) ഇല്ല |

സെക്ഷൻ ഓഫീസർ